**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. R.13523/19 Dated: 11.03.2020

# പരസ്യം

2020 തൃശ്ശൂർപൂരം പ്രദർശനത്തോടനുബന്ധിച്ച് ശ്രീവടക്കുംനാഥൻ ക്ഷേത്ര മൈതാനത്ത് ദേവസ്വം നിശ്ചയിക്കുന്ന സ്ഥലത്ത് പാർക്കിംഗ് ഫീ പിരിക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ ലഭിക്കേണ്ട അവസാന തിയ്യതി 18/03/2020, 3 PM. നിരതദ്രവ്യമായി ടെണ്ടറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 50,000/- ക യുടെ ഡി.ഡി അടക്കം ചെയ്യേണ്ടതാണ്. ഡി.ഡി. സമർപ്പിക്കാത്ത ടെണ്ടറുകൾ പരിഗണിക്കുന്നതല്ല.

ടെണ്ടർ ലഭിക്കേണ്ട അവസാന തിയ്യതിയായ 18/03/2020, 3 PM ന് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതാണ്. ടെണ്ടർ ലഭിക്കുന്ന വ്യക്തി ടെണ്ടർ സംഖ്യ മുഴുവനായും ആയതിന്റെ GST യും പ്രവർത്തനാനുമതി ഉത്തരവ് ലഭിക്കുന്ന സമയം ദേവസ്വം ബോർഡിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്.

പാർക്കിംഗിനായി അനുവദിക്കുന്ന സ്ഥലത്തെ വെളിച്ചം, ഫെൻസിംഗ് തുടങ്ങി ആവശ്യമായ എല്ലാ ജോലികളും, സൗകര്യങ്ങളും ടെണ്ടറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ഒരുക്കേണ്ടതാണ്.

കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും നിശ്ചയിച്ചു തരുന്ന നിരക്കുകൾ പ്രകാരം പാർക്കിംഗ് ഫീ പിരിക്കേണ്ടതാണ്. നിരക്കുകളുടെ വിവരം പാർക്കിംഗ് ഗ്രൗണ്ടിൽ വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞതടക്കമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയ ഒരു നിയമാനുസൃത കരാർ ടെണ്ടർ ലഭിച്ച വ്യക്തി പാർക്കിംഗ് ഫീ പിരിക്കുന്നതിനു 10 ദിവസത്തിന് മുമ്പായി ദേവസ്വം സെക്രട്ടറി മുമ്പാകെ ഒപ്പ് വെച്ച് സമർപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ സംഗതികളിൽ വീഴ്ച വരുത്തിയാൽ EMD സംഖ്യ ദേവസ്വത്തിലേക്ക് മുതൽ കൂട്ടുന്നതും ടെണ്ടറുകാരന്റെ നഷ്ടഉത്തരവാദിത്വത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ടെണ്ടർ സംഖ്യ ദേവസ്വത്തിന് ഗുണകരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം ടെണ്ടർ നടപടികൾ പൂർണ്ണമായും റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

ഈ ടെണ്ടറിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, ശ്രീ വടക്കുംനാഥൻ ദേവസ്വം ഓഫീസ്, എന്നിവിടങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ ലഭ്യമായിരിക്കും.

(ഒപ്പ്)
സെക്രട്ടറി